പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

29.6.2015 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 33

## പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ

ചോദ്യം

ശ്രീ. സി.കെ. സദാശിവൻ ;
ശ്രീ. വി. ചെന്താമരാക്ഷൻ ;
ശ്രീ. കെ. ദാസൻ ;
ശ്രീ. രാജു എബ്രഹാം ;

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
ബഹു. വ്യവസായവും വിവര സാങ്കേതികവും
വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക അവലോകന നിരീക്ഷണ സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് (റിയാബ്) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതൊടൊപ്പം തന്നെ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിയും വകുപ്പ് മന്ത്രി തലത്തിലും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും അവലോകനം നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| ബി) സർക്കാരിന്റെ പരിശോധനാ വിഭാഗങ്ങളടക്കം, പൊതു മേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെക്കുറിച്ച് നടത്തിയിട്ടുള്ള പരാമർശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പരിശോധനാ വിഭാഗമായ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെയും, Comptroller & Auditor General-ന്റെ റിപ്പോർട്ട് പ്രകാരവും സ്ഥാപനങ്ങളുടെ പ്രവർത്തനത്തേയും സാമ്പത്തിക ഇടപാടുകളെയും കുറിച്ചുള്ള |

പരാമർശങ്ങൾ ഉണ്ടെങ്കിൽ അത് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ കമ്പനി തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം തന്നെ പൊതുമേഖലാ സ്ഥാപനങ്ങളെ കുറിച്ചുള്ള നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| സി) | ഈ സർക്കാരിന്റെ കാലത്ത് ബഹുഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും തകർച്ച നേരിടുന്നുണ്ടോ ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ? | സി) | ആഗോള തലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതികളുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷമായി കാഴ്ചവച്ചിട്ടുള്ളത്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉല്പാദന ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. എന്നിരുന്നാലും മികവുറ്റ ഉൽപാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതിക വിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ